ഏകദേശം 650-ഓളം വർക്കുകൾ നിർമ്മാണം ആരംഭിച്ച് ഭാഗികമായി പൂർത്തിയാക്കിയിട്ടുണ്ട്. കഴിഞ്ഞ മൂന്നു വർഷമായി ബഡ്ജറ്റിൽ ഒറ്റ വർക്കുകൾക്കും പണം വകകൊള്ളിച്ചില്ല. നിർമ്മാണമാരംഭിച്ച വില്ലേജ് റോഡുകളും മറ്റ് പ്രവർത്തനങ്ങളും പൂർത്തീകരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയിലും അതുപോലെതന്നെ നിയമസഭയിലും പല പ്രാവശ്യം ഉറപ്പ് നൽകിയിട്ടുള്ളതാണ്. എന്റെ നിയോജകമണ്ഡലത്തിലെ പാട്ടുപുരയ്ക്കൽ ഇടച്ചിറ വായനശാലാ റോഡ് എറണാകുളം കളക്ടറേറ്റിന്റെ മുമ്പിൽ നിന്ന് ആരംഭിക്കുന്ന റോഡാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ പതിനഞ്ചിന പരിപാടിയിൽപ്പെടുത്തി പഞ്ചായത്തിൽനിന്ന് ഏറ്റെടുത്ത് നിർമ്മാണമാരംഭിച്ച റോഡാണ് അത്. കൊച്ചി നഗരവുമായി ബന്ധപ്പെട്ട വളരെ പ്രധാനപ്പെട്ട ഒരു റോഡാണ്. പ്രത്യേകിച്ചും വ്യവസായ വകുപ്പിന്റെ കിൻഫ്രാ പാർക്കിന്റെ മുമ്പിലൂടെയുള്ള റോഡാണ്. ഈ റോഡിന്റെ നിർമ്മാണം ഭാഗീകമായി നടന്നിട്ടുണ്ട്. നിർമ്മാണം ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. ജനങ്ങൾ വളരെയേറെ പ്രയാസപ്പെടുകയാണ്. അതുകൊണ്ട് സംസ്ഥാനത്തെ വില്ലേജ് റോഡ് സ്കീമിൽ ഉൾപ്പെടുത്തി നിർമ്മാണം ആരംഭിച്ച് ഭാഗികമായി പണി പൂർത്തിയാക്കിയ റോഡുകൾ പൂർത്തികരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, പാട്ടുപുരയ്ക്കൽ-ഇടച്ചിറ വായനശാലാ റോഡിന്റെ പണികൾ 1997 ജൂണിൽ ആരംഭിച്ചു. റോഡ് ഫോർമേഷനും റോഡിന്റെ വശങ്ങൾ ബലപ്പെടുത്തുന്ന പണിയും പൂർത്തിയാക്കി. ഇനി അവശേഷിക്കുന്ന ടാറിംഗ് പണികൾക്ക് കുറച്ച് ചല്ലി കരാറുകാരൻ ഇറക്കിയിട്ടുണ്ട്. ഇതിനിടയിൽ ബിൽ പാസ്സാക്കി പണം നൽകുന്നില്ലെന്നുള്ള പരാതി കരാറുകാരൻ സമർപ്പിച്ചു. 5.8 ലക്ഷം രൂപ കൊടുത്തിട്ടുണ്ട്. ബാക്കി 48 ലക്ഷം രൂപ കൊടുക്കാനുണ്ട്. വില്ലേജ് റോഡുകൾക്ക് ഭീമമായ തുക നൽകാനുണ്ട്. ഈ തുക അടുത്തു തന്നെ കൊടുക്കുന്നതാണെന്ന് ധനകാര്യവകുപ്പുമന്ത്രി അറിയിച്ചിട്ടുണ്ട്. അതോടുകൂടി ഈ പ്രശ്നം പരിഹരിക്കുവാൻ കഴിയും.

(9) വടക്കാഞ്ചേരി മണ്ഡലത്തിലെ വെടിപ്പാറ പാലം തകർന്നതു സംബന്ധിച്ച്

ശ്രീ. വി. ബാലറാം : സർ, വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ അത്താണി-പറംപായി റോഡിലെ വളരെ കാലപ്പഴക്കം ചെന്ന വെടിപ്പാറ പാലം കഴിഞ്ഞ ജൂൺ 17-ാം തീയതി കാലവർഷക്കെടുതിയെത്തുടർന്ന് തകർന്നുപോവുകയും അതുമൂലം ആ റൂട്ടിലെ ഗതാഗതം ഇപ്പോൾ നിലച്ചിരിക്കുകയുമാണ്. ഈ പാലം വഴി ആറു സ്വകാര്യബസുകൾ സർവ്വീസ് നടത്തുന്നുണ്ട്. കൂടാതെ പൂമല, ചോറ്റു പാറ, പറംപായി, വട്ടാഴി തുടങ്ങിയ വില്ലേജുകളിലെ പാവപ്പെട്ട മലയോര കൃഷിക്കാരുൾപ്പെടെയുള്ള ആളുകൾക്ക് മെഡിക്കൽ കോളേജിലേക്ക് വരുന്നതിനും അതുപോലെതന്നെ പൂമലയിലുള്ള ഹൈസ്കൂളിലേക്ക് കുട്ടികൾക്ക് പോകുന്നതിനും വേറെ യാതൊരു വഴിയുമില്ലാത്ത ഒരു സൗഹചര്യമാണുള്ളത്. അതൊരു കലിങ്കു പാലമാണ്. ഈ പാലം പുതുക്കിപ്പണിയാൻ-വളരെ കുറച്ചു പൈസയേ വേണ്ടതുള്ളൂ. അടിയന്തിരമായി പ്രസ്തുത പാലം പുതുക്കിപ്പണിയാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, വടക്കാഞ്ചേരി മണ്ഡലത്തിലെ വെടിപ്പാറ പാലം തകർന്നതു സംബന്ധിച്ച് 1999 ജൂൺ 17-നാണ് എനിക്ക് റിപ്പോർട്ട് കിട്ടിയത്. ഇപ്പോൾ ഒരാഴ്ചയേ ആയിട്ടുള്ളൂ. അതുകൊണ്ട് അടിയന്തിരമായി അതിന്റെ റിപ്പോർട്ടും എസ്റ്റിമേറ്റും അയയ്ക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ധാരാളം വാഹനങ്ങൾ ഓടുന്ന വഴിയാണ്. ആ പാലം തീർച്ചയായിട്ടും പുനർനിർമ്മാണം നടത്തേണ്ടതാണ്; അതിനുള്ള നടപടികൾ സ്വീകരിക്കും. ഇപ്പോൾ ഗതാഗതം തിരിച്ചുവിടുന്നതിന് സെമിനാരി ചോറ്റുപാറ റോഡിൽ താൽക്കാലിക സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(10) കൂത്തുപറമ്പ് ഗവൺമെന്റ് ഹോസ്പിറ്റൽ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയാക്കുന്നതു സംബന്ധിച്ച്

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : സർ, വളരെക്കാലമായി ശാപമോക്ഷം കാത്തുകിടക്കുന്ന ഒരു ഗവൺമെന്റ് ഹോസ്പിറ്റലിന്റെ ദുരവസ്ഥയാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. കൂത്തുപറമ്പ് ഗവൺമെന്റ് ഹോസ്പിറ്റൽ കണ്ണൂർ ജില്ലയിലെ മലയോര മേഖലയിലെ രോഗികളുടെ പ്രധാന ആശ്രയ കേന്ദ്രമാണ്. ഇപ്പോൾ 70 ബെഡ്ഡുകളുള്ള ഒരു ആശുപത്രിയായിട്ടാണ് അത് പ്രവർത്തിക്കുന്നത്. 1980-ൽ ഈ ഹോസ്പിറ്റലിനെ 100 ബെഡ്ഡുള്ള ഒരു ആശുപത്രിയാക്കി മാറ്റുന്നതിന് അപേക്ഷ സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തതാണ്. പക്ഷേ തുടർ നടപടികളൊന്നും ഉണ്ടായിട്ടില്ല. 1977-ൽ പേ വാർഡ് നിർമ്മിക്കുന്നതിനുള്ള ആശുപത്രികളുടെ ലിസ്റ്റിൽ ഈ ഗവൺമെന്റ് ഹോസ്പിറ്റലിനെയും ഉൾപ്പെടുത്തിയതാണ്. പേ വാർഡ് നിർമ്മിക്കേണ്ട സ്ഥലത്തിന്റെ സ്കെച്ച് അടക്കം അയച്ചുകൊടുത്തിട്ടും യാതൊരു നടപടിയും ഉണ്ടായിട്ടില്ല. ഇപ്പോൾ നൂറു കണക്കിന് രോഗികൾ ദിവസവും വന്നുപോകുന്ന ഈ ഹോസ്പിറ്റലിൽ കാഷ്വാലിറ്റി സംവിധാനമില്ല എന്നത് വളരെ പരിതാപകരമായിട്ടുള്ള ഒരവസ്ഥയാണ്. അതുപോലെതന്നെ മറ്റ് സ്പെഷ്യാലിറ്റി യൂണിറ്റുകൾ ഒന്നുംതന്നെ ഈ ഹോസ്പിറ്റലിൽ ഇല്ല. ഈ ദുരവസ്ഥ പരിഹരിച്ചുകൊണ്ട് മലയോര മേഖലയിലെ ജനങ്ങൾക്ക് ആതുര ശുശ്രൂഷാരംഗത്തെ ആശ്രയമായ ഈ സ്ഥാപനത്തെ രക്ഷപ്പെടുത്തണമെന്ന് ഞാൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, കൂത്തുപറമ്പ് ഗവൺമെന്റാശുപത്രി ഒരു ഇന്റർമീഡിയറ്റ് ആശുപത്രിയാണ്. അവിടെ അഞ്ചു ഡോക്ടർമാരും 14 നഴ്സുമാരുമുണ്ട്. 46 തസ്തികകളുമുണ്ട്. 70 കിടക്കകളാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. തസ്തികകളിലെല്ലാം പൂർണ്ണമായി ആളുകളുണ്ട്. പക്ഷേ ഇതൊരു താലൂക്ക് ഹോസ്പിറ്റലായി ഉയർത്തണം. സ്പെഷ്യാലിറ്റി യൂണിറ്റ് വേണം എന്ന ഡിമാന്റ് വന്നിട്ട് കുറച്ചു കാലമായി. തലശ്ശേരി താലൂക്കാശുപത്രിയിൽ കൂടുതൽ രോഗികൾ വരുന്നു എന്നത് പരിഗണിച്ച് താലൂക്കാശുപത്രിയോട് അനുബന്ധമായി കൂത്തുപറമ്പ് ഒരു ഇന്റർമീഡിയറ്റ് ആശുപത്രിയായി ഉയർത്തണമെന്നായിരുന്നു ആദ്യകാലങ്ങളിൽ വന്ന നിർദ്ദേശം. തലശ്ശേരി താലൂക്കാശുപത്രി കേരളത്തിലെ ഏക ജനറൽ ആശുപത്രിയായി പിന്നീട് പ്രഖ്യാപിക്കപ്പെട്ടു. അഞ്ച് ജനറൽ ആശുപത്രികളുള്ളതിൽ നാലെണ്ണവും ജില്ലാ തലസ്ഥാനത്താണ്. തലശ്ശേരി

LIBRARY ARCHIVES Kerala Legislative Assembly